# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 7753

15.07.2014-ലെ മറുപടിക്ക്

### തടവുകാരെ നിരീക്ഷിക്കുന്നതിന് കർമ്മപരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.ലൂഡി ലൂയിസ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) തടവുകാരെ നിരീക്ഷിക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് തയ്യാറാക്കിയിരിക്കുന്നത്; വിശദമാക്കുമോ; | എ) യും ബി) യും സി) യും ഡി) യും | തടവുകാരെ എല്ലായ്പ്പോഴും നിരീക്ഷിക്കുന്നതിനായി എല്ലാ ജയിലുകളിലും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമെ ആറ് ജയിലുകളിൽ സി.സി.റ്റി.വി. സർവെയ്‌ലൻസ് സംവിധാനം ഇതിനോടകം സ്ഥാപിച്ചിട്ടുണ്ട്. ഈ ജയിലുകളിൽ സന്ദർശകരേയും തടവുകാരേയും നിരീക്ഷിക്കുന്നതിനായി സന്ദർശന മുറികളിലും തടവുകാരുടെ സെല്ലുകളിലും സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ടി ജയിലുകളിൽ, ക്യാമറകളിൽ നിന്നും ലഭിക്കുന്ന ദൃശ്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥരെ സി.സി.റ്റി.വി. കൺട്രോൾ റൂമുകളിൽ നിയോഗിച്ചിട്ടുണ്ട്. ബന്ധപ്പെട്ട സൂപ്രണ്ടുമാരും സി.സി.റ്റി.വി. ക്യാമറകളിൽനിന്നും ലഭിക്കുന്ന ദൃശ്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടുതൽ ജയിലുകളിൽ ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) ഇതിനായി സെല്ലുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | | |
| സി) സന്ദർശകരെയും തടവുകാരെയും നിരീക്ഷിക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; | | |
| ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ